# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5671** **09.07.2012 ൽ മറുപടിക്ക്**

**<u>അൺ എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചിറ്റയം ഗോപകുമാർ.** | | **ശ്രീ.പി.കെ.അബ്ദു റബ്ബ് ( വിദ്യാഭ്യാസ വകുപ്പു മന്ത്രി)** | |
| (എ) | അൺ എയ്ഡഡ് സ്കൂളുകളുടെ പഠന, പാഠ്യേതര പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും, നിയന്ത്രിക്കുന്നതിനും നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളുടെ കാര്യത്തിൽ ഗവൺമെന്റ് എയിഡഡ് സ്കൂളുകളിന്മേലുള്ള നിയന്ത്രണവും പഠന, പാഠ്യേതര പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള സംവിധാനമുണ്ട്. എന്നാൽ സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകളുടെ മേൽ യാതൊരു നിയന്ത്രണവുമില്ല. |
| (ബി) | അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ യോഗ്യതകൾക്ക് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | മിക്ക അൺ എയ്ഡഡ് സ്കൂളുകളിലെയും അദ്ധ്യാപകരുടെ വേതനം തികച്ചും പരിമിതമാണെന്ന് ഈ സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. 14.2.2011 ലെ ജി.ഒ.(എം.എസ്) നമ്പർ 36/11/പ്വ.വി ഉത്തരവ് പ്രകാരം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധ(1)മായി ചേർക്കുന്നു. |
| (ഡി) | അൺ എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും, അദ്ധ്യാപകർക്കുവേണ്ട യോഗ്യത, വേതനം ആയവ നിജപ്പെടുത്തുന്നതിനും തയ്യാറാകുമോ: | (ഡി) | അൺ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ യോഗ്യത, വേതനം എന്നിവ സംബന്ധിച്ച് കെ.ഇ.ആർ അദ്ധ്യായം XIV (AA) ൽ വ്യക്തമാക്കിയിട്ടുണ്ട്. 14.2.2011 ൽ ജി.ഒ.(എം.എസ്) നമ്പർ 36/11/പ്വ.വി ഉത്തരവ് പ്രകാരം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. |
| (ഇ) | എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ? | (ഇ) | യോഗ്യതയെ സംബന്ധിച്ച് കെ.ഇ.ആർ ലെ പ്രസക്തഭാഗം അനുബന്ധ(2)മായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ.